പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **7707**

15.07.2014 ൽ മറുപടിയ്ക്ക്

**ആകാശവാണി ഉദ്യോഗസ്ഥനായിരുന്ന മാവേലിക്കര രാമചന്ദ്രന്റെ തിരോധാനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആകാശവാണി ഉദ്യോഗസ്ഥനായിരുന്ന പ്രശസ്ത സാംസ്കാരിക പ്രവർത്തകൻ മാവേലിക്കര രാമചന്ദ്രന്റെ തിരോധാനം സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (ബി) ഉണ്ട്. വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 291/13 u/s 57 of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. |
| (സി) അന്വേഷണ റിപ്പോർട്ട് എന്താണെന്ന് വ്യക്തമാക്കുമോ ; | (സി) ശ്രീ. മാവേലിക്കര രാമചന്ദ്രൻ സ്ഥിരമായി യാത്ര ചെയ്തിരുന്ന കാറിൽ 29.09.2012 തീയതി തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ പോയതായും അവിടെ നിന്നും ട്രെയിനിൽ കയറി മുംബൈയ്ക്ക് പോയതായും ടിയാന്റെ പരിചയക്കാരനായ മഹാരാഷ്ട്ര ഗവർണറെ കാണുവാനാണ് പോയിട്ടുള്ളതെന്ന് അറിയുവാൻ കഴിഞ്ഞതിനാൽ കേരള രാജ്ഭവനുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിൽ ടിയാൻ മഹാരാഷ്ട്ര ഗവർണറെ കണ്ടതായും വിവരം ലഭിച്ചിട്ടുണ്ട്. അതിനു ശേഷം ടിയാന്റെ യാത്രാ വിവരം സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമായിട്ടില്ല. |

നാളിതുവരെയുള്ള അന്വേഷണത്തിൽ ടിയാനെ കണ്ടെത്തുവാൻ കഴിയാത്തതിനാൽ ടി കേസ് തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തി ബഹു.കോടതിയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | മാവേലിക്കര രാമചന്ദ്രന്റെ തിരോധാനത്തിന്റെ കാരണങ്ങൾ അന്വേഷിക്കുമോ; | (ഡി) & (ഇ) | ഇതു സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തിയിട്ടുള്ളതും ടിയാനെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലാത്തതുമാകുന്നു. |
| (ഇ) | തിരോധാനത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ അന്വേഷണം നടത്താൻ ഉത്തരവിടുമോ ? | | |

സെക്ഷൻ ഓഫീസർ